പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 566

27/02/2018 - ൽ മറുപടിക്ക്

## കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

ചോദ്യം

ശ്രീ. വി.ടി. ബൽറാം
ശ്രീ. അനൂപ് ജേക്കബ്
ശ്രീ.ഐ.സി. ബാലകൃഷ്ണൻ
ശ്രീ. അടൂർ പ്രകാശ്

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | കൺസ്യൂമർഫെഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ-യെന്നും പൊതു വിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ കൺസ്യൂമർഫെഡ് വിജയമാണോയെന്നും വ്യക്തമാക്കാമോ; | എ) | കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സംഘടനാപരമായ പുന:സംഘാടനം, ധനമാനേജ്മെന്റ്, ക്യാപ്പിറ്റൽ റീസ്ട്രക്ച്ചറിംഗ്, കൺസോർഷ്യം രൂപീകരണം, പ്രൊഫഷണലിസം എന്നീ നടപടികളിലൂടെ വിലയിരുത്തിയിട്ടുണ്ട്.<br><br>ഓണം, ക്രിസ്തുമസ് സമയങ്ങളിൽ വിപണിയിൽ ഇടപെട്ട് കൺസ്യൂമർഫെഡ് നടത്തിയ പ്രവർത്തനങ്ങളിലൂടെ വിലക്കയറ്റം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി) | കൺസ്യൂമർഫെഡിനെ ജനോപകാരപ്രദമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | ബി) | കൺസ്യൂമർ ഫെഡിന്റെ പിന്തുണയോടെ സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതി സ്റ്റോറുകളും, 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൺസ്യൂമർ ഫെഡറേഷന്റെ ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിക്കുന്നുണ്ട്. പാവപ്പെട്ടവരും സാധാരണക്കാരും കൂട്ടതലായി തിങ്ങിപ്പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ മൊബൈൽ ത്രിവേണികളുടെ സേവനം കൃത്യമായി എത്തിക്കുന്നുണ്ട്. നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് ലഭിക്കുന്നതിന് ഇ-ടെണ്ടർ സംവിധാനം ഫലപ്രദമായി നടപ്പിലാക്കി. മരുന്ന് കമ്പനികളിൽ |

| | | | |
|---|---|---|---|
| | | | നിന്നും നേരിട്ട് മരുന്ന് വാങ്ങുന്നതിലൂടെ കൂടുതൽ വിലക്കുറവിൽ മരുന്നുകൾ വിപണിയിൽ എത്തിക്കുവാൻ കഴിയുന്നുണ്ട്. സ്കൂൾ തുറക്കുന്ന കാലയളവിൽ വിദ്യാർത്ഥികൾക്കാവശ്യമായ എല്ലാവിധ പഠന സാമഗ്രികളും സ്കൂൾ മാർക്കറ്റുകൾ വഴി ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനും വിവിധ സ്റ്റോറുകൾ മുഖേന വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; | സി) | ത്രിവേണി വിഭാഗത്തിലെ വിൽപന വർദ്ധിപ്പിക്കുന്നതിനായി എല്ലാ മാസവും റീജിയണൽ മാനേജരുടെ റിവ്യൂ മീറ്റിംഗുകൾ നടത്തുന്നുണ്ട്. യൂണിറ്റുകൾക്ക് നിശ്ചയിച്ചു നൽകിയിട്ടുള്ള ടാർജറ്റ് നേടണമെന്ന കർശന നിർദ്ദേശം നൽകുന്നുണ്ട്. ഇതിലൂടെ വിറ്റുവരവ് ക്രമാതീതമായി വർദ്ധിച്ച് വരികയാണ്.<br><br>ത്രിവേണി സ്റ്റോറുകളിൽ പഴകിയ സാധനങ്ങൾ സൂക്ഷിച്ചിരുന്ന സംവിധാനം പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. പഴയ സാധനങ്ങൾ ഡിസ്കൗണ്ട് നൽകി വിൽപ്പന നടത്തി ഡാമേജ് രഹിത യൂണിറ്റുകളാക്കി മാറ്റുന്നുണ്ട്. റീജിയൺ അടിസ്ഥാനത്തിൽ സ്ക്വാഡ് രൂപീകരിച്ച് ഗൃഹ സന്ദർശനം നടത്തി ത്രിവേണി യൂണിറ്റുകൾ ജനകീയമാക്കുന്നതിനും ശൃംഖല മെച്ചപ്പെടുത്തുന്നതിനും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വിൽപ്പന കുറവുള്ള യൂണിറ്റുകൾ വിൽപ്പന സാദ്ധ്യതയുള്ള അനുയോജ്യമായ മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിൽപ്പനയിൽ വർദ്ധനവ് ഉണ്ടാകാത്തതും, ലാഭത്തിൽ എത്താൻ സാദ്ധ്യതയില്ലാത്തതുമായ യൂണിറ്റുകൾ നിർത്തലാക്കുന്നുണ്ട്. ഇ-ടെണ്ടർ മുഖേന ടെൻഡർ സമർപ്പിക്കുന്ന പാർട്ടികൾ നൽകുന്ന സാമ്പിളുകൾ പർച്ചേസ് കമ്മിറ്റി പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്താറുണ്ട്. അരിപോലുള്ള ഇനങ്ങളുടെ ഗുണമേന്മ അരി വേവിച്ചു നോക്കി ഉറപ്പു വരുത്താറുണ്ട്. ഉത്സവകാലങ്ങളിൽ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി സർക്കാർ അംഗീകൃത ഏജൻസിയായ കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ ലബോറട്ടറികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർ പരിശോധന നടത്തി ലഭ്യമാക്കുന്ന ലാബ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗുണമേന്മ ഉറപ്പുവരുത്തിയാണ് |

| | | | |
|---|---|---|---|
| | | | സാധനങ്ങൾ വാങ്ങുന്നത്. വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിന് വിവിധ സ്റ്റോറുകൾ മുഖേന വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | 13 അവശ്യ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | ഡി) | ഉത്സവകാലങ്ങളിൽ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിൽപ്പന നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ